(സി) നീണ്ടകരപ്പാലം പുതുക്കിപ്പണിയുമ്പോൾ അതിനു മുകളിൽക്കൂടി പൈപ്പുലൈൻ ഇടുന്നതിനും കേടുപാടുകൾവരുന്ന പൈപ്പുകൾ നീക്കം ചെയ്യുന്ന സ്ഥലത്തു് പുതിയ പൈപ്പുകൾ ഇടുന്നതിനും ഉദ്ദേശിച്ചാണു് അവ റോഡരുകിൽ ഇട്ടിരിക്കുന്നതു്.

പാലംപണി.

* 230. [21] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-65 സാമ്പത്തികവർഷത്തിൽ പുതുതായി ഏതു പാലം പണിയുന്നതിനു് ഉദ്ദേശമുണ്ടു് ;

(ബി) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലുള്ളതും, ഗതാഗതയോഗ്യമല്ലാത്തതുമായ ചന്തത്തോട് പാലം നന്നാക്കുന്നതിനു് നടപടി നടത്താത്തതു് എന്തുകൊണ്ടാണു് ; ടി റോഡിലുള്ള ഏതെങ്കിലും പാലംപണി ആരംഭിക്കുവാൻ നടപടി നടത്തുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) തീരുമാനമായിട്ടില്ല.

(ബി) ഈ റോഡിലുള്ളതും ഗതാഗതയോഗ്യമല്ലാത്തതുമായ ചന്തത്തോട്പാലം നന്നാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഈ റോഡിലുള്ള മറ്റു മൂന്നു പാലങ്ങൾ പണിയുന്നതിനു് തയ്യാറാക്കിയിരുന്ന ഡിസൈനുകൾ ആ പ്രദേശത്തേക്കു് പറ്റിയതല്ലെന്നു കണ്ടതുകൊണ്ടു് അവ പുതുക്കുന്നതിനും അതനുസരിച്ചുള്ള എസ്റ്റിമേറ്റു തയ്യാറാക്കുന്നതിനും വേണ്ട നടപടികൾ എടുത്തുവരുന്നു.

ആലപ്പുഴ ജില്ലയിലെ പാക്കേജ് സ്കീം

* 231. [22] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) (1) ആലപ്പുഴ ജില്ലയിൽ പാക്കേജ് സ്കീമിൽ എത്ര ഏക്കർ നെൽപ്പാടങ്ങൾ ഉൾക്കൊള്ളിച്ചു് ആനുകൂല്യങ്ങൾ നൽകുന്നുണ്ടു് ;

(2) ഏതെല്ലാം വില്ലേജുകളിലാണു് ഈ പാടങ്ങൾ സ്ഥിതി ചെയ്യുന്നതു് ; എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു ;

(ബി) പാക്കേജ് സ്കീം നടപ്പാക്കുന്നതിനു് മുൻപു് ഈ പാടങ്ങളിൽ ഏക്കറിനു് ശരാശരി എത്ര വിളവു കിട്ടിയിരുന്നു ; ഇപ്പോഴത്തെ വിളവെത്ര ;

(സി) പാക്കേജ് സ്കീമിന്റെ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിനു് കൃഷിക്കാർ വിമുഖരാണോ ; ആണെങ്കിൽ അതിനുള്ള പരിഹാരമാർഗ്ഗം എന്താണു് ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) (1) വിരിപ്പു് 17,071 58 ഏക്കർ
മുണ്ടകൻ 15,807 70 ,,
പുഞ്ച 60,703 45 ,,

(2) വിവരങ്ങൾ അടങ്ങിയ † ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) (1) വിരിപ്പു് ഏക്കറൊന്നിനു് 735 കിലോഗ്രാം
മുണ്ടകൻ ,, 888 ,,
പുഞ്ച ,, 1,070 ,,

(2) വിരിപ്പു് ഏക്കറൊന്നിനു് 988 കിലോഗ്രാം
മുണ്ടകൻ ,, 1106 ,,
പുഞ്ച ,, 1247 ,,

† Appendix XI.

LIBRARY ARCHIVES Kerala Legislative Assembly